# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

**പത്രക്കുറിപ്പ്**

2024-25 ബാച്ച് നാല്ല വർഷ ബിരുദ പ്രോഗ്രാമിന്റെ നാലാം സെമസ്റ്ററിൽ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ അപേക്ഷ ക്ഷണിച്ച് സർവകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു. മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ തികച്ചും സൗജന്യമാണ്. ഓട്ടോണമസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉൾപ്പടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓട്ടോണമസ് പദവിയില്ലാത്ത കോളേജുകളിൽ നിന്ന് ഓട്ടോണമസ് കോളേജുകളിലേക്കുള്ള കോളേജ് ട്രാൻസ്ഫറിനായി, വിദ്യാർത്ഥികൾ ബന്ധപ്പെട്ട ഓട്ടോണമസ് കോളേജിനെ സമീപിക്കേണ്ടതാണ്. ഒരു വിദ്യാർത്ഥിക്ക് പരമാവധി പത്ത് കോളേജ് - മേജർ ഓപ്ഷനുകൾ തെരഞ്ഞെടുക്കാവുന്നതാണ്.

21.01.2026 മുതൽ 26.01.2026 വരെ, അഡ്മിഷൻ വിഭാഗത്തിന്റെ പോർട്ടലിൽ ( https://admission.uoc.ac.in/) ലഭ്യമായ FYUGP COLLEGE / UNIVERSITY TRANSFER എന്ന ലിങ്ക് ക്ലിക്ക് ചെയ്ത്, വിദ്യാർത്ഥികൾ ക്യാപ്പ് ഐഡി, സെക്യൂരിറ്റി കീ എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം അപേക്ഷ സമർപ്പിക്കാവുന്നതാണ്. CUFYUGP റെഗുലേഷന്റെ പരിധിയിൽ വരാത്ത പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല. നാലാം സെമസ്റ്ററിൽ കോളേജ് ട്രാൻസ്ഫറിനോടൊപ്പം മേജർ മാറ്റം അനുവദിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

(ഒപ്പ്)

ഡയറക്ടർ

C.U. Campus

21.01.2026